# നാഫെഡ് കൊപ്ര സംഭരിക്കണം

കൊച്ചി: കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലയിടിച്ചിൽ തടയുന്നതിനു താങ്ങുവിലയ്ക്ക് നാഫെഡ് അടിയന്തരമായി കൊപ്ര സംഭരിക്കണമെന്നു നാളികേര വികസന ബോർഡ് കേന്ദ്ര കൃഷി മന്ത്രാലയത്തോടാവശ്യപ്പെട്ടു.

കൊപ്രയുടെ വിപണി വില താങ്ങ് വിലയായ ക്വിന്റലിന് 5,100 രൂപയിലും താഴ്ന്നിരിക്കുകയാണ്. വെളിച്ചെണ്ണ വില ഇന്നലെ 50 രൂപ കൂടി 7,150 രൂപയായി. കൊപ്രയ്ക്കു വില 4,925 രൂപ. കഴിഞ്ഞ വാരത്തിൽ വില അടിക്കടി കുറയുന്ന പ്രവണതയായിരുന്നു. വെളിച്ചെണ്ണയ്ക്കു വർഷാരംഭത്തിൽ 7,600 രൂപയും കൊപ്രയ്ക്ക് 5,200 രൂപയുമായിരുന്നു. കഴിഞ്ഞ വർഷം മേയിൽ വെളിച്ചെണ്ണ വില ക്വിന്റലിന് 10,600 രൂപയിൽ റെക്കോർഡിട്ടു. 2011 ലെ ശരാശരി വില 7,943 രൂപ.

തെങ്ങുകളെ ബാധിച്ച രോഗവും ജോലിക്കാരെ കിട്ടാത്തതിനാലുള്ള പരിചരണക്കുറവും മൂലം കേരളത്തിൽ നാളികേരത്തിന്റെ ഉൽപാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഉൽപാദനച്ചെലവു വർധിച്ച സാഹചര്യത്തിൽ വിലയിടിച്ചിൽ കൂടിയായപ്പോൾ കേര കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുമായി. ന്യായവില ഉറപ്പാക്കുന്നതിന് അടിയന്തര ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നു നാളികേര വികസന ബോർഡ് അറിയിച്ചു.